# ചെന്നൈ ബ്രോഡ്‌വേ സെന്റ് തോമസ് കത്തീഡ്രൽ ശതാബ്ദി നിറവിലേക്ക്

കേരളത്തിന് പുറത്ത് മലങ്കര സഭയുടെ ആദ്യ ദേവാലയമായ ചെന്നൈ ബ്രോഡ്‌വേ സെന്റ് തോമസ് കത്തീഡ്രൽ ശതാബ്ദിയിലേക്ക്. ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് പ്രധാന പെരുന്നാൾ ദിവസമായ ജൂലൈ 12-ാം തീയതി അടൂർ-കടമ്പനാട് മെത്രാസനാദ്ധ്യക്ഷൻ അഭി. ഡോ. സഖറിയാ മാർ അപ്രേം മെത്രാപ്പോലീത്തായുടെയും ഭദ്രാസനാദ്ധ്യക്ഷൻ അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെയും മുഖ്യ കാർമ്മികത്വത്തിൽ വി. മൂന്നിൻമേൽ കുർബാന അർപ്പിച്ചു. ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും ശതാബ്ദി ലോഗോ പ്രകാശനവും ഇരു ഭദ്രാസനാദ്ധ്യക്ഷന്മാരും ചേർന്ന് നിർവ്വഹിച്ചു. ഒരു വർഷം നീണ്ടു നിൽക്കുന്ന ശതാബ്ദി ആഘോഷങ്ങൾ 2016 ജനുവരിയിൽ സമാപിക്കും. ഓരോ മാസവും ഭക്ത സംഘടനകളുടെ നേതൃത്വത്തിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതുകൂടാതെ പരുമല ക്യാൻസർ സെന്ററിന് സഹായം, വിവാഹ സഹായ പദ്ധതി തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങളും നടപ്പാക്കുന്നുണ്ട്. ക്രമീകരണങ്ങൾക്ക് വികാരി ഫാ. ജിജി മാത്യു വാകത്താനം, സഹവികാരിമാരായ ഫാ. റ്റി. എഫ്. സ്റ്റാലിൻ, ഫാ. പ്രദീപ് പൊന്നച്ചൻ കൈസ്ഥാനികളായ പി. കെ. ഈപ്പൻ, മോഹൻ ഫിലിപ്പ്, സെക്രട്ടറി രാജീവ് ജോർജ്ജ് എന്നിവരടങ്ങിയ വിപുലമായ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.